(ബി) പാലങ്ങൾ പണിയുന്നതിനു ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് പ്രയോജനപ്പെടുത്തുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ):

(എ) കരാറുകളിലെ വ്യവസ്ഥയനുസരിച്ച് പാലങ്ങളുടെ പണി ഒരു നിശ്ചിത സമയ പരിധി വച്ചാണ് കരാറുകാരെ ഏൽപ്പിക്കുന്നത്. എന്നാൽ പല കാരണങ്ങൾകൊണ്ടും നിശ്ചിത സമയ പരിധിയിൽ പണി പൂർത്തിയാകാറില്ല.

(ബി) കൂടുതൽ പാലങ്ങൾ പണിയാൻ കൺസ്ട്രക്ഷൻ കോർപ്പറേഷന് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ലഭിക്കുവാൻ ഗവൺമെൻറ് പരിശ്രമിച്ചുവരികയാണ്.

നാഷണൽ ഹൈവേയിലെ ബസ്സ്റ്റോപ്പുകൾ

* 513 [547] ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേകളിൽ ബസ്സ്റ്റോപ്പുകൾ പണിയാൻ സന്നദ്ധ സംഘടനകൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ അനുവാദം നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ബി) യാത്രക്കാരുടെ ദുരിതങ്ങൾ കണക്കിലെടുത്ത് ഡിപ്പാർട്ട്മെൻറോ അല്ലെങ്കിൽ നാട്ടുകാരോ ഇത്തരം ഷെഡ്ഡുകൾ പണിയാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിനായി കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ:

(എ) കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശങ്ങൾക്കനുസൃതമായി ഏതെങ്കിലും സംഘടനകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നാഷണൽ ഹൈവേകളിൽ ബസ്സ്റ്റോപ്പ് പണിയാൻ അപേക്ഷിക്കുകയാണെങ്കിൽ നാഷണൽ ഹൈവേ അധികൃതർ അനുവാദം കൊടുക്കാറുണ്ട്.

(ബി) ബസ്സ്റ്റോപ്പുകളോ വെയിറ്റിംഗ് ഷെഡ്ഡുകളോ പണിയുന്നത് നാഷണൽ ഹൈവേ വിഭാഗത്തിൻെറ ചുമതലയിൽ ഉൾപ്പെടുന്നതല്ല. നാട്ടുകാർക്കോ സമുദായ സംഘടനകൾക്കോ ഗവൺമെൻറ് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരം വെയിറ്റിംഗ് ഷെഡ്ഡുകൾ പണിയാവുന്നതാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly